## <u>വെള്ളച്ചാട്ടത്തിൻെറ ഇടിമുഴക്കം – സക്കറിയ</u>

**<u>ആമുഖം</u>:** പ്രശസ്ത സാഹിത്യകാരനായ സക്കറിയയുടെ 'ഒരു ആഫ്രിക്കൻ യാത്ര' എന്ന യാത്രാവിവരണത്തിൽ നിന്നും എടുത്തിട്ടുള്ളതാണ് 'വെള്ളച്ചാട്ടത്തിൻെറ ഇടിമുഴക്കം' എന്ന പാഠഭാഗം.

### <u>ചോദ്യോത്തരങ്ങൾ</u>

1.സക്കറിയയും അദ്ദേഹത്തിൻെറ ഗൈഡുകളും കുളിക്കുന്നതിനായി വെള്ളച്ചാട്ടത്തിനു തൊട്ടുപിന്നിലുള്ള സ്ഥലം തിരഞ്ഞെടുത്തത് എന്തുകൊണ്ട്?

ഉ: വെള്ളച്ചാട്ടത്തിൻെറ ഭാഗത്തു നിന്ന് ഒരു കിലോമീറ്ററിനു മുകളിൽ കുളിക്കുക പോയിട്ട് കൈയോ കാലോ മുക്കുന്നതു പോലും അപകടകരമാണ്. കാരണം, ഒറ്റ കടിക്ക് നമ്മളോ നമ്മുടെ അവയവങ്ങളോ എന്നന്നേക്കുമായി ചീങ്കണ്ണികളുടെ നീളൻ വായയിലേക്ക് അപ്രത്യക്ഷമാകാം. മാത്രവുമല്ല, ആ ഭാഗത്ത് ഹിപ്പോകളും ധാരാളമായുണ്ട് അതുകൊണ്ടാണ് കുളിക്കാനായി അവർ വെള്ളച്ചാട്ടത്തിനു തൊട്ടുപിന്നിലുള്ള സുരക്ഷിതമായ സ്ഥലം തിരഞ്ഞെടുത്തത്.

2. "കൊളോണിയലിസത്തിൻെറ അവകാശവാദങ്ങളുടെ ഭാഗമാണ് ഇത്തരം കണ്ടുപിടിത്ത ചരിത്രങ്ങൾ" – ലേഖകൻെറ ഈ പ്രസ്താവനയുടെ സാംഗത്യം വ്യക്തമാക്കുക.

ഉ: വിക്ടോറിയാ വെള്ളച്ചാട്ടം കണ്ടുപിടിച്ചത് ഡേവിഡ് ലിവിങ്സ്റ്റൺ ആണെന്നാണ് ലോകമറിയുന്നത്. എന്നാൽ, അത് തെറ്റാണെന്ന് ലേഖകൻെറ ഗൈഡ് വെളിപ്പെടുത്തുന്നു. കാരണം, ലിവിങ്സ്റ്റൺ കാണുന്നതിന് എത്രയോ മുമ്പ്, ആയിരക്കണക്കിന് വർഷങ്ങളായി ആഫ്രിക്കക്കാർക്ക് ഈ വെള്ളച്ചാട്ടം അറിയാമായിരുന്നു. ലേഖകനും അതിനോട് യോജിക്കുന്നു. കാരണം, കൊളോണിയലിസത്തിൻെറ ഫലമായുണ്ടായ വെള്ളക്കാരുടെ അധിനിവേശം മൂലമാണ് ഇത്തരം കണ്ടുപിടുത്തങ്ങൾ ലോകം അറിഞ്ഞത്.

3. “നമ്മുടെ ഇന്ദ്രിയങ്ങൾ പരിശീലിപ്പിക്കപ്പെട്ടിരിക്കുന്ന തിരിച്ചറിവിൻെറ ഭാഷകൾക്ക് പുറത്താണ് വിക്ടോറിയാ ജലപാതത്തിൻെറ നിൽപ്പ്” – എന്ന് ലേഖകൻ അഭിപ്രായപ്പെടുന്നത് എന്തുകൊണ്ട്?

വിക്ടോറിയാ വെള്ളച്ചാട്ടത്തെ പറ്റി ലേഖകൻ മനസ്സിലാക്കിയത് നാം എത്രനേരം അതിനെ നോക്കിനിന്നാലും അത് നമുക്ക് പിടിതരുന്നില്ല എന്നതാണ്. എന്നാൽ, അതിൽ നിന്ന് കണ്ണെടുക്കാൻ നമുക്ക് തോന്നുകയുമില്ല. ഇതേ അനുഭവം തന്നെയാണ് സഞ്ചാരസാഹിത്യത്തിൻെറ കുലപതിയായ എസ്സ്. കെ. പൊറ്റെക്കാട്ടും വരച്ചുകാട്ടിയിരിക്കുന്നത്. അതുകൊണ്ടാണ് നമ്മുടെ ഇന്ദ്രിയങ്ങൾ പരിശീലിപ്പിക്കപ്പെട്ടിരിക്കുന്ന തിരിച്ചറിവിൻെറ ഭാഷകൾക്ക് പുറത്താണ് വിക്ടോറിയാ ജലപാതത്തിൻെറ നിൽപ്പെന്ന് ലേഖകൻ അഭിപ്രായപ്പെടുന്നത്.

*   *   *